ന്നതിന് സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(4) കഴക്കൂട്ടം സൈനികസ്കൂളിലെ ഫീസ് വർദ്ധന

ശ്രീ. പീരപ്പൻകോട് മുരളി : സർ, കഴക്കൂട്ടം സൈനിക സ്കൂളിലെ ഫീസ് വർദ്ധനയെ സംബന്ധിച്ചും സ്കോളർഷിപ്പ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചുമാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കഴക്കൂട്ടം സൈനിക സ്കൂളിലെ വാർഷിക ഫീസ് ഈ വർഷം മുതൽ 14,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചു. ഈ തുക ഓരോ വർഷവും 10 ശതമാനം കൂട്ടി വർദ്ധിപ്പിച്ചു നൽകേണ്ടതുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെപ്പോലും ഇതിൽനിന്ന് ഒഴിവാക്കിയിട്ടില്ല. സൈനികസ്കൂളുകളുടെ മേൽനോട്ടം കേന്ദ്ര പ്രതിരോധ വകുപ്പിനാണെങ്കിലും സ്കൂളുകൾക്ക്വേണ്ട അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തികസഹായവും ആവശ്യാനുസരണം നൽകേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. ഫീസ്വർദ്ധനവിന് ആനുപാതികമായി സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്നാൽ കേരള ഗവൺമെന്റ് 1997-98നുശേഷം സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടില്ല. പുതുക്കിയ ഫീസ് നിരക്ക് അനുസരിച്ച് 12-ാം ക്ലാസ് കഴിഞ്ഞ് ഇറങ്ങുന്ന കുട്ടിക്ക് ഏകദേശം മൂന്നുലക്ഷത്തി അൻപതിനായിരം രൂപ ചെലവാക്കേണ്ടിവരും. ഈ അവസ്ഥയിൽ രക്ഷാകർത്താക്കൾക്ക് സ്കോളർഷിപ്പില്ലാതെ കുട്ടികളെ പഠിപ്പിക്കാൻ കഴിയുകയില്ല. 12-ാം ക്ലാസ് വരെ സൗജന്യവിദ്യാഭ്യാസം ലഭ്യമാക്കുന്ന കേരളത്തിൽ ഏറ്റവും അപകടസാധ്യതയുള്ള ഡിഫെൻസ് സർവീസിൽച്ചേരാൻ ഇത്രയും വലിയ തുക ഫീസായി ഈടാക്കുന്നത് ശരിയല്ല. ഇതുമൂലം സൈനികസ്കൂൾ വിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാണ്. ഇത് പ്രതിരോധ സേനയിലെ ഉയർന്ന പദവികളിൽ കേരളത്തിന് മതിയായ പ്രാതിനിധ്യം ഇല്ലാതാക്കും. ഈ സാഹചര്യത്തിൽ കഴക്കൂട്ടം സൈനിക സ്കൂളിലെ ഫീസ്നിരക്ക് യുക്തിസഹമായി പരിഷ്ക്കരിക്കാൻ സ്കൂൾ അധികൃതരോട് അഭ്യർത്ഥിക്കാൻ താൽപ്പര്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കഴക്കൂട്ടം സൈനികസ്കൂളിലെ ഫീസ് നിരക്ക് പതിനാലായിരം രൂപയിൽനിന്ന് ഇരുപത്തിഅയ്യായിരം രൂപയായി വർദ്ധിപ്പിക്കാനും ഫീസിൽ പത്തു ശതമാനം വാർഷിക വർദ്ധന വരുത്താനും അധികൃതർ തീരുമാനിച്ചിരിക്കുകയാണെന്നും താഴ്ന്ന വരുമാനക്കാരുടെ മക്കൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടില്ലെന്നും ഇത് സൈനികസ്കൂളിൽ പഠിക്കുന്ന സാധാരണക്കാരുടെ മക്കളെ ബാധിക്കുമെന്നാണ് ഉന്നയിച്ചിരിക്കുന്നത്. കഴക്കൂട്ടത്തെ സൈനികസ്കൂൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങളും (കെ.ഇ.ആർ) ഈ സ്ഥാപനത്തിന് ബാധകമല്ല. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുംമറ്റും സംസ്ഥാന സർക്കാർ (പി.ഡബ്ല്യു.ഡി) ആണ് ചെയ്തുവരുന്നത്. കഴക്കൂട്ടം സൈനികസ്കൂൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ലെങ്കിൽക്കൂടി സാധാരണക്കാരായവരുടെ കുട്ടികളെ ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. ഫീസ് വർദ്ധനവ് അനുസരിച്ച് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാത്ത കാര്യം അടിയന്തിരമായി പരിശോധിച്ച് അനുഭാവപൂർവ്വമായ നിലപാട് എത്രയും വേഗം സ്വീകരിക്കുന്നതാണ്. മെമ്പർ ഉന്നയിച്ച പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാ

LIBRARY ARCHIVES Kerala Legislative Assembly

രിന്റെ പരിധിയിൽ വരാത്തതെല്ലാം സ്കൂളിന്റെ ഭരണസമിതി അടക്കം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(5) ഇൻഡ്യയിൽ നിന്നുള്ള അവിദഗ്ദ്ധ തൊഴിലാളികൾക്ക് വിസ നൽകേണ്ടതില്ലെന്ന യു.എ.ഇ. സർക്കാരിന്റെ ഉത്തരവ്

ശ്രീ. കെ.പി.എ. മജീദ് : സർ, തൊഴിൽതേടി അലയുന്ന കേരളത്തിലെ ചെറുപ്പക്കാരെ പ്രതികൂലമായി ബാധിക്കത്തക്കരീതിയിൽ യു.എ.ഇ. കേന്ദ്ര തൊഴിൽമന്ത്രാലയം സ്വീകരിച്ചിട്ടുള്ള നടപടിയുടെ ഫലമായി ഇൻഡ്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്കുള്ള വിസ അടിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. യു.എ.ഇ.യിലെ 27 ലക്ഷം ജനങ്ങളിൽ 88 ശതമാനത്തോളം വിദേശികളാണ്. കണക്കനുസരിച്ച് 12 ലക്ഷത്തോളം ഇൻഡ്യാക്കാർ വരും. താൽക്കാലികമായി വിസിറ്റിംഗ് വിസ സമ്പാദിച്ച് ഗൾഫിൽപോയി തൊഴിൽതേടി ഏതെങ്കിലും തൊഴിൽമേഖലയിൽ കടന്നുവരുന്നവരാണ് ചെറുപ്പക്കാരിൽ അധികവും. എന്നാൽ യു.എ.ഇ. യിലെ തൊഴിൽമന്ത്രാലയത്തിന്റെ പുതിയ ഉത്തരവനുസരിച്ച് അൺസ്കിൽഡ് തൊഴിലാളികൾക്ക് ആർക്കുംതന്നെ വിസ അടിക്കേണ്ടതില്ലെന്ന തീരുമാനം വന്നിരിക്കുകയാണ്. അതിന്റെ ഫലമായി ഹോട്ടലിൽ ജോലിയെടുക്കുന്നവർ, അതുപോലെതന്നെ വിവിധ ഷോപ്പുകളിൽ ജോലിചെയ്യുന്നവർ, മെയിന്റനൻസ് പ്രവൃത്തി നടത്തുന്നവർ തുടങ്ങിയവർക്ക് വേണ്ടത്ര വൈദഗ്ദ്ധ്യം നേടാത്ത, ഇവിടെ നിന്ന് ജോലിതേടി പോകുന്ന ചെറുപ്പക്കാർക്ക് വിസ ലഭിക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. കഴിഞ്ഞ ഞായറാഴ്ചയോടുകൂടി ഇത്തരത്തിൽ വിസ സമർപ്പിച്ചിട്ടുള്ള എല്ലാ മന്ത്രാലയങ്ങളിൽനിന്നും അനുവാദം ലഭ്യമാകാതെ വിസ റദ്ദാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി വളരെയധികം പ്രയാസം ഇന്ന് തൊഴിൽതേടി പോകുന്നവർക്കുണ്ടായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റോ, എംബസിയോ ഇക്കാര്യത്തിൽ കാര്യമായിയാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

യു.എ.ഇ. യിൽ പ്രവർത്തിക്കുന്ന കെ.എം.സി. എന്ന സംഘടനയിൽനിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ട് പ്രകാരം മിനിഞ്ഞാന്ന് ബംഗ്ലാദേശിന്റെയും പാകിസ്ഥാന്റെയും എംബസികൾ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച നടത്തി. അവിടെ വിസയിൽ വന്നിട്ടുള്ള നിയന്ത്രണങ്ങൾ മാറ്റിയെടുക്കാൻ ബംഗ്ലാദേശ്, പാകിസ്ഥാൻ എംബസികൾ സജീവമായ രീതിയിൽ, അർത്ഥപൂർണ്ണമായ രീതിയിൽ ഉള്ള ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്രയും ഗൗരവതരമായ പ്രശ്നം ഉണ്ടായിട്ടുപോലും ഇൻഡ്യൻ എംബസി അവിടത്തെ തൊഴിൽ മന്ത്രാലയവുമായി ചർച്ച നടത്താനോ വീണ്ടും വിസ ലഭിക്കാൻവേണ്ടിയുള്ള സാഹചര്യം ഒരുക്കാൻ ശ്രമം നടത്താനോ തയ്യാറായിട്ടില്ല. ഗൾഫ് മേഖലയിൽ സാധാരണ ബന്ധപ്പെടാറുള്ള ഈ സഭയിലെ എല്ലാവർക്കും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഈ സ്ഥിതിവിശേഷം അറിയാവുന്നതാണ്. നമ്മുടെ കേന്ദ്ര വിദേശകാര്യ വകുപ്പുമായി അടിയന്തിരമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ നടപടിയുണ്ടാകണം. ധാരാളം ചെറുപ്പക്കാർ വിസ ലഭിക്കാത്തതുകൊണ്ട് തിരിച്ചുപോരുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. എനിക്കു ലഭ്യമായിട്ടുള്ള കണക്ക് അനുസരിച്ച് 15,000 ത്തോളം ആളുകൾ ഈ ഒരു തീരുമാനത്തിന്റെ ഫലമായി ഗൾഫിൽനിന്നും തിരിച്ചുവരേണ്ടിവരുന്നു. ഈ ദുരവസ്ഥ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി ഗൗരവപൂർവ്വം തീരുമാനം എടുക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly